"ഭരണഭാഷ – മാതൃഭാഷ"
(കേരള സംസ്ഥാനം)
വ്യാവസായിക പരിശീലന വകുപ്പ്
ട്രെയിനിംഗ് ഡയറക്ടറേറ്റ്, തൊഴിൽ ഭവൻ,
പി എം ജി, വികാസ്ഭവൻ പി.ഒ, തിരുവനന്തപുരം-695033,
ഇ മെയിൽ: cru.dttvpm@kerala.gov.in, ഫോൺ നമ്പർ : 0471-2303856

---

നമ്പർ: DT/1997/2026-C1-Part(2) തീയതി: 31-08-2026

## ചുറ്ററിയിപ്പ്

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് - ട്രെയിനിംഗ് ഡയറക്ടറേറ്റ് - അഡ്മിഷൻ & അഫിലിയേഷൻ വിഭാഗം - ഐടിഐ പ്രവേശനം 2026 - അഡ്മിഷൻ ക്ലോസിംഗ് ഷെഡ്യൂൾ പുനഃ ക്രമീകരിച്ച് നൽകുന്നത്- സംബന്ധിച്ച്.

സൂചന :-

1. 17.08.2026 ലെ DT/1997/2026-C1-Part(2) നമ്പർ ഉത്തരവ്.
2. DGT യിൽ നിന്നുള്ള 27/08/2026 തീയതിയിലെ DGT-MIS011/1/2025-O/o DIR (TC) [77713] നമ്പരായ കത്ത്.
3. 29.08.2026 ലെ DT/1997/2026-C1-Part (3) നമ്പർ ചുറ്ററിയിപ്പ്

******************

മേൽ സൂചനകൾ കാണുക. മേൽ സൂചന (2) പ്രകാരം, രാജ്യത്തെ എല്ലാ ഐടിഐകളിലും അഡ്മിഷൻ നടത്തുന്നതിനുള്ള സമയപരിധി 31.08.2026 തീയതി വരെ ഡയറക്ടറേറ്റ് ജനറൽ ഓഫ് ട്രെയിനിംഗ് (DGT) ദീർഘിപ്പിച്ചു നൽകുകയും, അതിന്റെ അടിസ്ഥാനത്തിൽ സൂചന (3) പ്രകാരം പ്രസ്തുത വിവരം വകുപ്പിന് കീഴിലെ എല്ലാ സർക്കാർ/സ്വകാര്യ ഐടിഐകളെയും അറിയിക്കുകയും ചെയ്തിരുന്നു. അഡ്മിഷൻ ക്ലോസിംഗ് തീയതി 31.08.2026 വരെ ദീർഘിപ്പിച്ചതിനാൽ സൂചന (1) പ്രകാരം നൽകിയിരുന്ന അഡ്മിഷൻ ക്ലോസിംഗുമായി ബന്ധപ്പെട്ട ഷെഡ്യൂളുകളും പുനഃ ക്രമീകരിക്കേണ്ടതുണ്ട്. അപ്രകാരം പുനഃ ക്രമീകരിച്ച ഷെഡ്യൂൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | അഡ്മിഷൻ ക്ലോസ്സിംഗുമായി ബന്ധപ്പെട്ട പ്രവർത്തികൾ | ചുമതലപ്പെട്ടവർ | തീയതി |
|---|---|---|---|
| 1 | ഐടിഐകളിൽ അഡ്മിഷൻ എടുക്കേണ്ട | പ്രിൻസിപ്പൽ | 31.08.2026 |

| | | | |
|---|---|---|---|
| | അവസാന തീയതി. | | |
| 2 | ഐടിഐകളിൽ അഡ്മിഷൻ ക്ലോസ്സിംഗ് നടത്തേണ്ട തീയതി. | അഡ്മിഷൻ ക്ലോസ്സിംഗ് ഉദ്യോഗസ്ഥർ | **01.09.2026** **(31.08.2026** പ്രാബല്യത്തിൽ) |
| 3 | ഐടിഐകളിൽ അഡ്മിഷൻ ക്ലോസ്സിംഗ് നടപടികൾ പൂർത്തിയാക്കേണ്ട തീയതി. | പ്രിൻസിപ്പൽ & അഡ്മിഷൻ ക്ലോസ്സിംഗ് ഉദ്യോഗസ്ഥർ | **01.09.2026 to 03.09.2026** |
| 4 | ഐടിഐകൾ അഡ്മിറ്റഡ് ട്രെയിനികളുടെ ഡാറ്റ അഡ്മിഷൻ പോർട്ടലിൽ അപ്‌ലോഡ് ചെയ്ത് ലോക്ക് ചെയ്യേണ്ട അവസാന തീയതി. | പ്രിൻസിപ്പൽ | **05.09.2026** |
| 5 | അഡ്മിഷൻ പോർട്ടലിൽ അപ്രൂവ് ചെയ്ത ട്രെയിനികളുടെ വിവരങ്ങൾ അടങ്ങിയ ഫോർമാറ്റുകൾ **(E, G, J, L Formats)** എന്നിവ ഐ.ടി.ഐ. മേധാവികൾ അഡ്മിഷൻ ക്ലോസ്സിംഗ് ഉദ്യോഗസ്ഥന് നൽകേണ്ട അവസാന തീയതി. | പ്രിൻസിപ്പൽ | **07.09.2026** |
| 6 | അഡ്മിഷൻ ക്ലോസ്സിംഗ് ഓഫീസർമാർ ജാലകം അഡ്മിഷൻ പോർട്ടലിൽ അപ്രൂവ് ചെയ്ത് ലോക്ക് ചെയ്യേണ്ട അവസാന തീയതി. | അഡ്മിഷൻ ക്ലോസ്സിംഗ് ഉദ്യോഗസ്ഥർ | **09.09.2026** |
| 7 | അഡ്മിഷൻ ക്ലോസ്സിംഗ് ഓഫീസർമാർ **E & L** ഫോർമാറ്റുകൾ, അഡ്മിഷൻ നടത്തിയിട്ടില്ലാത്ത സ്ഥാപനങ്ങളുടെ വിവരങ്ങൾ **(X Format)**, അഡ്മിഷൻ നടത്തിയിട്ടില്ലാത്ത ട്രേഡുകളുടെ/ യൂണിറ്റുകളുടെ വിവരങ്ങൾ **(Y Format)** എന്നിവ **itiadmissionclosing2026 @gmail.com**. എന്ന ഇമെയിൽ വിലാസത്തിൽ അയച്ചു തരേണ്ട അവസാന തീയതി. (മേലൊപ്പ് ചാർത്തിയ **pdf** ഫോർമാറ്റുകളായിരിക്കണം ഇമെയിൽ മുഖേന നൽകേണ്ടത്). | അഡ്മിഷൻ ക്ലോസ്സിംഗ് ഉദ്യോഗസ്ഥർ | **09.09.2026** |
| 8 | അഡ്മിഷൻ ക്ലോസ്സിംഗ് ഓഫീസർമാർ കൺസോളിഡേറ്റഡ് ഫോർമാറ്റുകളുടെ **(F1 to F3, H1 to H3, K1 to K3)** സോഫ്റ്റ് കോപ്പി, **itiadmissionclosing2026@gmail.com** എന്ന ഇമെയിൽ വിലാസത്തിൽ അയച്ചു തരേണ്ട അവസാന തീയതി. | അഡ്മിഷൻ ക്ലോസ്സിംഗ് ഉദ്യോഗസ്ഥർ | **10.09.2026** |
| 9 | ഡയറക്ടറേറ്റിലെ അഡ്മിഷൻ സെക്ഷൻ, ജാലകം അഡ്മിഷൻ പോർട്ടലിൽ അപ്രൂവ് ചെയ്ത് ലോക്ക് ചെയ്യേണ്ട അവസാന തീയതി. | അഡ്മിഷൻ സെക്ഷൻ, **ITD** | **11.09.2026** |

| | | | |
|---|---|---|---|
| 10 | അഡ്മിഷൻ നേടിയ ട്രെയിനികളുടെ വിവരങ്ങൾ **SIDH** പോർട്ടലിൽ **Migrate** ചെയ്യുന്നത്. | ഐടി സെൽ, **ITD** | **14.09.2026** |
| 11 | കൺസോളിഡേറ്റഡ് ഫോർമാറ്റുകൾ **(F1 to F3, H1 to H3, K1 to K3)** അഡ്മിഷൻ നടത്തിയിട്ടില്ലാത്ത സ്ഥാപനങ്ങളുടെ വിവരങ്ങൾ (**X Format)**, അഡ്മിഷൻ നടത്തിയിട്ടില്ലാത്ത ട്രേഡുകളുടെ/ യൂണിറ്റുകളുടെ വിവരങ്ങൾ **(Y Format)** തുടങ്ങി അഡ്മിഷനുമായി ബന്ധപ്പെട്ട എല്ലാ രേഖകളും **(E, G, J, L** ഉൾപ്പെടെ) അഡ്മിഷൻ ക്ലോസ്സിംഗ് ഉദ്യോഗസ്ഥർ അതാത് ജില്ലാ നോഡൽ ഐ.ടി.ഐ.യിൽ ഹാർഡ് കോപ്പി ആയും, സോഫ്റ്റ് കോപ്പി ഇമെയിൽ മുഖേനയായും നൽകേണ്ട അവസാന തീയതി. | അഡ്മിഷൻ ക്ലോസ്സിംഗ് ഉദ്യോഗസ്ഥർ | **16.09.2026** |
| 12 | ജില്ലാ നോഡൽ ഐ.ടി.ഐകൾ കൺസോളിഡേറ്റഡ് ഫോർമാറ്റുകൾ **(Format F4 to F6, H4 to H6, K4 to K6, Format M, Format X1, Format Y1)** തയ്യാറാക്കി itiadmissionclosing2026@gmail.com എന്ന ഇമെയിൽ വിലാസത്തിൽ അയച്ചു തരേണ്ട അവസാന തീയതി (പ്രിൻസിപ്പൽ സാക്ഷ്യപ്പെടുത്തിയ **pdf** ഫോർമാറ്റുകളായിരിക്കണം ഇമെയിൽ മുഖേന നൽകേണ്ടത്). | ജില്ല നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പൽ | **18.09.2026** |

എല്ലാ സർക്കാർ/സ്വകാര്യ/**SCDD/STDD** ഐടിഐ പ്രിൻസിപ്പൽമാരും, മേൽ ചേർത്തിരിക്കുന്ന ഷെഡ്യൂൾ പ്രകാരമുള്ള തീയതിയിൽ തന്നെ അഡ്മിഷൻ ക്ലോസ് ചെയ്യേണ്ടതാണ്. അഡ്മിഷൻ ക്ലോസിംഗ് ഉദ്യോഗസ്ഥൻ അവ പരിശോധിച്ച് തുടർപ്രവേശനം സാധ്യമാകാത്തവിധം അഡ്മിഷൻ രജിസ്റ്റർ ക്ലോസ് ചെയ്യേണ്ടതുമാണ്.

എല്ലാ സർക്കാർ/സ്വകാര്യ ഐ ടി ഐ കളും, **2026** പരിശീലന വർഷത്തേക്കുള്ള ഐ ടി ഐ പ്രവേശനത്തിനായി ഉദ്ദേശിക്കുന്ന എല്ലാ **NCVET** അഫിലിയേറ്റഡ് ട്രേഡ്/യൂണിറ്റ് കളിലേക്കും ഇൻസ്ട്രക്ടർ രെജിസ്ട്രേഷൻ/അംഗീകാരം/മാപ്പിംഗ് എന്നിവ **DGT** നിർദ്ദേശിച്ചിരിക്കുന്ന സമയ പരിധിക്കുള്ളിൽ **(19.08.2026)** തന്നെ നിർബന്ധമായും പൂർത്തിയാക്കണമെന്നും, അത്തരത്തിൽ ഇൻസ്ട്രക്ടർ രെജിസ്ട്രേഷൻ പൂർത്തിയാക്കാത്ത/**IPRN** ലഭിക്കാത്ത ട്രേഡ്/യൂണിറ്റുകൾ സീറ്റ് മാട്രിക്സിൽ പ്രതിഫലിക്കുകയില്ല എന്നും, കൂടാതെ **2026** പരിശീലന വർഷം അത്തരം ട്രേഡ്/യൂണിറ്റുകളിലേക്കു പ്രവേശനം അനുവദിക്കുന്നതല്ല എന്നും **DGT 14.08.2026** തീയതിയിലെ **File No. DGT-MIS013/2/2023-O/o DIR (TC) [57369]** നമ്പരായ അറിയിപ്പിലൂടെ വ്യക്തമാക്കിയിട്ടുണ്ട്.

അഡ്മിഷൻ ക്ലോസിംഗ് ഉദ്യോഗസ്ഥൻ അഡ്മിഷൻ രേഖകൾ മാന്വൽ ആയി ക്ലോസ് ചെയ്തിരുന്നാലും, നിംസ് പോർട്ടലിൽ ഇൻസ്ട്രക്ടർ രെജിസ്ട്രേഷൻ/ അംഗീകാരം/ മാപ്പിംഗ് എന്നിവ ഐടിഐകൾ പൂർത്തീകരിക്കാത്തത് മൂലം, അഡ്മിറ്റഡ് ട്രെയിനികളുടെ മൈഗ്രേഷൻ പ്രക്രിയ പൂർണ്ണമാകാതെ വരുന്ന പക്ഷം, വകുപ്പിന് ഇതിൽ യാതൊരു വിധ ബാധ്യതകളും ഉണ്ടായിരിക്കുന്നതല്ല എന്നും അതിൻറെ പൂർണ്ണ ഉത്തരവാദത്തിത്വം അതാത് സ്ഥാപനങ്ങൾക്ക് മാത്രമായിരിയ്ക്കും എന്നു കൂടി അറിയിയ്ക്കുന്നു.

Digitally signed by
D MENEKSH PRASAD
Date: 31-08-2026
17:55:23

**അഡീഷണൽ ഡയറക്ടർ**

സ്വീകർത്താവ് : എല്ലാ സർക്കാർ/സ്വകാര്യ/**SCDD**/**STDD** ഐടിഐ/ബിറ്റിസി പ്രിൻസിപ്പൽമാർ.

പകർപ്പ് :
1. ജോയിന്റ് ഡയറക്ടർ, മേഖല കേന്ദ്രം, കണ്ണൂർ
2. എല്ലാ ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗ് ഉദ്യോഗസ്ഥർക്കും.
3. മാനേജർ, ഇ-ഗവേർണൻസ് (വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിയ്ക്കുന്നതിന്)
4. സ്റ്റോക്ക് ഫയൽ (C1)